# കെ.എം.സി.സി കെയർ

## സാമൂഹ്യ സുരക്ഷ പദ്ധതി



## വിജയകരമായ നാലാം വർഷത്തിലേക്ക്

### ഈ പദ്ധതിയുടെ പ്രത്യേകതകൾ

- 4 വർഷം  തുടർച്ചയായി അംഗമായവർക്ക് മരണാനന്തര ആനുകൂല്യം 4 ലക്ഷം രൂപ.
- 3 വർഷം  തുടർച്ചയായി അംഗമായവർക്ക് മരണാനന്തര ആനുകൂല്യം 3  ലക്ഷം രൂപ.
- 2 വർഷം  തുടർച്ചയായി അംഗമായവർക്ക് മരണാനന്തര ആനുകൂല്യം 2   ലക്ഷം രൂപ.
- ആദ്യമായി അംഗമാകുന്നവർക്ക് മരണാനന്തര ആനുകൂല്യം 1  ലക്ഷം രൂപ
- 3 വർഷം പൂർത്തിയായവർക്ക് ചികിത്സാ സഹായം (നിബന്ധനകൾക്ക് വിധേയം)
- 5 വർഷം തുടർച്ചയായി അംഗമാവുകയും 60 വയസ്സ് തികഞ്ഞു എക്സിറ്റിൽ നാട്ടിൽ പോകുന്ന അംഗത്തിന് കാൽ ലക്ഷം രൂപ ധന സഹായം

**പദ്ധതി കാലാവധി**
**2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ**

**ക്യാമ്പയിൻ കാലാവധി**
**2024  ഒക്ടോബർ  1 മുതൽ ഡിസംബർ 31 വരെ**

**കെ.എം.സി.സി ദമ്മാം സെൻട്രൽ കമ്മിറ്റി**

# കെ.എം.സി.സി ദമ്മാം സെൻട്രൽ കമ്മിറ്റി
# കെയർ അപേക്ഷ ഫോറം 2025

**അംഗത്വ നമ്പർ**

പേര്

ഇഖാമ നമ്പർ

പാസ്പോർട്ട് നമ്പർ

സെൻട്രൽ കമ്മിറ്റി **യൂണിറ്റ് കമ്മിറ്റി**

മൊബൈൽ നമ്പർ

വാട്സപ്പ് നമ്പർ

ഇന്ത്യയിലെ അഡ്രസ്സ് (നിർബന്ധം ) അസംബ്ലി

വീട്ടുപേര് പാർലമെന്റ്

സ്ഥലം / റോഡ്

പോസ്റ്റ് പിൻകോഡ്

ജില്ല പഞ്ചായത്ത്

ഇന്ത്യയിലെ മൊബൈൽ നമ്പർ (നിർബന്ധം )

## പദ്ധതി ആനുകൂല്യങ്ങൾക്കായി നിർദ്ദേശിക്കുന്ന പേര്

| പേര് | ബന്ധം | വിഹിതം |
|---|---|---|
| | | |
| | | |
| | | |

ഈ പദ്ധതിയുടെ നിയമാവലി വായിച്ച് ബോധ്യപ്പെട്ടും പദ്ധതിയിൽ അംഗമായി ചേരാൻ സമ്മതമാണ്

ചേർക്കുന്നയാളുടെ പേരും ഒപ്പും

പേര് ഒപ്പ്

പൂരിപ്പിച്ച ഈ അപേക്ഷഫോറം പദ്ധതി കാലാവധി കഴിയും വരെ സൂക്ഷിക്കേണ്ടതിനാൽ ദമ്മാം സെൻട്രൽ കമ്മിറ്റിക്ക് കീഴിലുള്ള സുരക്ഷാസമിതിയെ ഏൽപ്പിക്കേണ്ടതാണ്

പ്രസിഡന്റ് ജനറൽ സെക്രട്ടറി

പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

ഈ പദ്ധതിയിൽ നാല് വർഷം തുടർച്ചയായി അംഗമായിരിക്കെ വിധി നമ്മളിലൊരാളെ തേടിയെത്തുമ്പോൾ, അകാല മൃത്യു വരിക്കുന്ന ആ സഹോദരൻ പദ്ധതിയുടെ അപേ ക്ഷയിൽ നിർദ്ദേശിച്ചിട്ടുള്ള അനന്തരാവകാശികൾക്ക് മൊത്തം നാല് ലക്ഷം രൂപയും, 3 വർഷം തുടർച്ചയായി അംഗമായവർക്ക് മരണാനന്തര ആനുകൂല്യം 3 ലക്ഷം രൂപയും, 2 വർഷം തുടർച്ചയായി അംഗമായവർക്ക് മരണാനന്തര ആനുകൂല്യം 2 ലക്ഷം രൂപയും, ആദ്യമായി അംഗമാകുന്നവർക്ക് മരണാനന്തര ആനുകൂല്യം 1 ലക്ഷം രൂപയും ആയിരിക്കും 5 വർഷം തുടർച്ചയായി അംഗമാവുകയും 60 വയസ്സ് തികഞ്ഞു എക്സിറ്റിൽ നാട്ടിൽ പോകുന്ന അംഗത്തിന് കാൽ ലക്ഷം രൂപ ധന സഹായം ലഭിക്കും.അത്യപൂർവ ഘട്ടങ്ങളിൽ 3 വർഷത്തിന് ശേഷം നിയമാവലി നിശ്ചയിച്ചപ്രകാരം പദ്ധതി അംഗങ്ങൾക്ക് (രോഗം മൂലമോ അപകടം മൂലമോ അംഗഭംഗം സംഭവിക്കുന്നവർക്ക്) ചികിത്സ ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്നതുമാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.സുരക്ഷാ പദ്ധതിക്ക് മാത്രമായി സെൻട്രൽ കമ്മിറ്റിക്ക് കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സമിതിക്കാണ് ഇതിന്റെ ചുമതല.

അംഗത്വത്തിനുള്ള മാനദണ്ഡം

കെഎംസിസിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുമായി സഹകരിക്കാൻ താല്പര്യമുള്ള സൗദി അറേബ്യയിൽ താമസിക്കുന്ന ഏതൊരു കേരളീയനും ( ജോലി ചെയ്യുന്നവർ/ വീട്ടമ്മമാർ/ കുട്ടികൾ) ജാതി-മത രാഷ്ട്രീയ വേർതിരിവുകൾ ഇല്ലാതെ ഈ പദ്ധതിയിൽ അംഗമാകാവുന്നതാണ്. ഒരാൾക്ക് പരമാവധി ഒരു അംഗത്വം മാത്രമേ സാധ്യമാവുകയുള്ളൂ. ഒരാളുടെ അംഗത്വം സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം സമിതിയിൽ നിക്ഷിപ്തമായിരിക്കും

അംഗത്വം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

സുരക്ഷാ പദ്ധതിയുടെ നിയമാവലി വായിച്ചു ബോധ്യപ്പെട്ടു അംഗീകരിക്കുന്നവർ നിശ്ചിത ഫോറത്തിൽ അംഗീകാരമുള്ള കെഎംസിസിയുടെ കീഴ്ഘടകങ്ങൾ മുഖേന അപേക്ഷ സമർപ്പിക്കണം . ജനുവരി 1 മുതൽ ഡിസംബർ 31 വരെയായിരിക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹമാകുന്ന പദ്ധതിയുടെ കാലാവധി. ഈ കാലയളവിൽ സംഭവിക്കുന്ന അത്യാഹിതങ്ങൾ മാത്രമാണ് ആനുകൂല്യങ്ങൾക്കായി പരിഗണിക്കുക.ആദ്യമായി അംഗമാകുന്ന ഒരാൾക്ക് മാർച്ച്, 1 മുതൽ ആയിരിക്കും ആനുകൂല്യത്തിന് അർഹത. ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയാണ് പദ്ധതിയിൽ അംഗമാകാനുള്ള സമയ പരിധി.എല്ലാ വർഷവും അംഗത്വം പുതുക്കേണ്ടതാണ്. . ഈ കാലയളവിൽ നാട്ടിൽ പോകുന്നവർക്ക് അവരുടെ സുഹൃത്തുക്കൾ മുഖേന അംഗത്വം പുതുക്കുന്നതിന് വേയുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്. ഏതെങ്കിലും ഘട്ടത്തിൽ മരണ സംഖ്യ കൂടുകയും ആനുകൂല്യങ്ങൾ നൽകുന്നതിന് സെൻട്രൽ കമ്മിറ്റിക്ക് സാമ്പത്തിക ബാധ്യത തടസ്സം ആവുകയും ചെയ്യുന്ന പക്ഷം പദ്ധതി ആനുകൂല്യത്തിൽ മാറ്റം വരുത്താനുള്ള പൂർണമായ അധികാരം സെൻട്രൽ കമ്മിറ്റിക്ക് ഉായിരിക്കും.
ഈ പദ്ധതിയിൽ എങ്ങനെയാണ് അംഗത്വം നഷ്ടപ്പെടുക
കെഎംസിസി സുരക്ഷാപദ്ധതി നിയമാവലിയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ ലംഘിച്ചതായി തെളിയുകയാണെങ്കിൽ ആ വ്യക്തിയുടെ അംഗത്വം നഷ്ടപ്പെടുന്നതാണ്.

അനുബന്ധ മാർഗ്ഗനിർദ്ദേശങ്ങൾ
സദുദ്ദേശപരമല്ലാതെ പദ്ധതി ആനുകൂല്യങ്ങൾ കൈവശപ്പെടുത്തുക എന്ന ഗൂഢലക്ഷ്യത്തോടെ ഗുരുതര രോഗങ്ങൾക്ക് വിധേയരായവരെയോ, മരണാസന്നരായവരെയോ അംഗങ്ങളാക്കിയതായി സമിതിക്ക് ബോധ്യപ്പെടുന്ന പക്ഷം യാതൊരു ആനുകൂല്യങ്ങളും നൽകാതെ ഏതുസമയവും അപേക്ഷ നിരസിക്കാനുള്ള പൂർണ്ണ അധികാരം സമിതിക്ക് ഉായിരിക്കും.
ഈ പദ്ധതിയിൽ നിന്നുള്ള സഹായം എങ്ങിനെയാണ് ലഭിക്കുക
പദ്ധതിയിൽ അംഗമായ ഒരാൾക്ക് സ്വദേശത്തോ വിദേശത്തോ വെച്ച് കാലാവധിക്കിടയിൽ മരണം സംഭവിച്ചാൽ അദ്ദേഹം അപേക്ഷാഫോറത്തിൽ നിർദ്ദേശിച്ചിട്ടുള്ള അവകാശി സമിതി നിർദേശിക്കുന്ന രേഖകൾ സഹിതം കീഴ് കമ്മിറ്റികൾ മുഖേന അപേക്ഷ നൽകണം. ഏതെങ്കിലും കാരണവശാൽ ( അപകടങ്ങൾ / ദുരന്തങ്ങൾ മൂലം ) നോമിനി കൂടി മരിച്ചാൽ സഹായധനം ലഭിക്കുന്നതിനുള്ള ഒന്നാം അവകാശി സന്താനങ്ങളും രാം അവകാശി ഭാര്യ ഭർത്താക്കന്മാരും , മൂന്നാം അവകാശി മാതാപിതാക്കളും നാലാം അവകാശി സഹോദരങ്ങളും ആയിരിക്കും. ഏതെങ്കിലും കരണവശാൽ അവകാശികളുടെ കാര്യത്തിൽ തർക്കങ്ങളോ പരാതികളോ ഉായാൽ സമിതി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. ഒരു കാരണവശാലും ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായത്തിന് അർഹത ഉായിരിക്കുന്നതല്ല .പദ്ധതി കാലാവധി അവസാനിക്കുന്നതിനു മുമ്പായി സമിതി തീരുമാനിക്കുന്ന ദിവസം നാട്ടിൽ വെച്ച് സഹായധനം വിതരണം ചെയ്യും.

ചികിത്സാ സഹായം.
തുടർച്ചയായി 3 വർഷം അംഗമായവർക്ക് പദ്ധതി കാലയളവിൽ രോഗം മൂലമോ അപകടം മൂലമോ ജോലി ചെയ്തു ജീവിക്കാൻ സാധിക്കാത്ത വിധം അംഗഭംഗം സംഭവിക്കുന്ന പക്ഷം അതാത് ഏരിയ കമ്മിറ്റികളുടെ സാക്ഷ്യ പത്രത്തോടൊപ്പം ആവശ്യമായ രേഖകൾ സഹിതം സമിതിക്ക് അപേക്ഷ നൽക്കോണ്.ഇത്തരം ഘട്ടങ്ങളിൽ എല്ലാ സാഹചര്യങ്ങളും പരിഗണിച്ച ശേഷം സമിതിക്ക് ഉചിതമെന്നു തോന്നുന്ന സംഖ്യ ചികിത്സ സഹായമായി ലഭിക്കുന്നതാണ്. ഇക്കാര്യത്തിൽ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.ചികിത്സ സഹായം ലഭിച്ച വ്യക്തി പദ്ധതി കാലയളവിനുള്ളിൽ മാരണപ്പെടുകയാണെങ്കിൽ പ്രസ്തുത വിഹിതം കഴിച്ചുള്ള സംഖ്യ മാത്രമേ നൽകുകയുള്ളൂ. 5 വർഷം തുടർച്ചയായി അംഗമാകുകയും 60 വയസ്സ് തികഞ്ഞു എക്സിറ്റിൽ നാട്ടിലേക്ക് പോകുകയാണെങ്കിൽ കാൽ ലക്ഷം രൂപ സഹായധനമായി നൽകുന്നതായിരിക്കും.



# കെ.എം.സി.സി കെയർ
# സാമൂഹ്യ സുരക്ഷ പദ്ധതി

## പദ്ധതി കാലാവധി 2025 ജനുവരി 1 മുതൽ  ഡിസംബർ 31 വരെ

ദീർഘ കാലം പ്രവാസ ജീവിതത്തിൽ ഒന്നും സമ്പാദിക്കാനാകാതെ കുടുംബത്തെ അനാഥമാക്കി ആകസ്മിക മരണത്തിന് ഇരയാകുന്ന ഹതഭാഗ്യരായ നമ്മുടെ സുഹൃത്തുകളുടെ കഥകൾ നാം ദൈനംദിനം കേൾക്കാറുണ്ടല്ലോ. നാഥനില്ലാതാകുന്ന കുടുംബാങ്ങളുടെ തീരാദുരിതങ്ങൾ പലപ്പോഴും സമൂഹം അറിയാതെ പോകുന്നു, ഇത്തരം ആപൽഘട്ടങ്ങ ളിൽ ഓടിയെത്തുക എന്ന സഹജീവി സ്നേഹത്തിന്റെ ഉദാത്ത മാതൃകയാണിത്

സംഘടിത ജീവിതത്തിന്റെ ഗുണഫലങ്ങൾ സമൂഹത്തിലെ താഴെതട്ടിലേക്ക് എത്തിക്കുകയെന്നതാണ് കെ,എം.സി.സി ദമ്മാം സെൻട്രൽ കമ്മിറ്റി ഈ പദ്ധതി കൊ് വിഭാവനം ചെയ്യുന്നത്. പ്രവാസത്തിന്റെ ഊഷരതയിൽ സഹജീവി സ്നേഹത്തിന്റെ ഉദാത്ത മതൃകയായി ജീവകാരുണ്യത്തിന്റെ വൻമരം നട്ടുവളർത്തി പടർന്നു പന്തലിക്കാൻ ഹേതുവായ പ്രിയ നേതാവ് സി. ഹാഷിം സാഹിബ് പ്രവർത്തന കാലയളവിലധികവും തന്റെ സ്വപ്നവും, ചിന്തയും പ്രവാസത്തിനിടയിൽ ഞെട്ടറ്റു വീഴുന്നവരുടെ കുടുംബങ്ങൾക്കൊരു കൈത്താ ങ്ങൊരുക്കുക എന്നതായിരുന്നു.

ദമ്മാം സെൻട്രൽ കമ്മിറ്റിക്ക് ഈ പദ്ധതി ആവിശ്കരിക്കാനുള്ള പ്രചോദനവും ഹാഷിം സാഹിബിന്റെ ആ സ്വപ്നങ്ങളാണ്. ദമ്മാമിലെ മുഴവൻ പ്രവാസി സമൂഹത്തിന്റെയും  സഹകരണവും പിന്തുണയും ആണ് വിജയകരമായ രണ്ടാം വർഷത്തിലേക്ക് കടക്കാൻ  ഞങ്ങളെ സഹായിച്ചത്. ആ പിന്തുണയും സഹകരണവും തുടർന്നും ഉാകണമെന്ന് അഭ്യർത്ഥിക്കുന്നു

## കെ.എം.സി.സി കെയർ
## സാമൂഹ്യ സുരക്ഷ പദ്ധതി 2025

അംഗത്വ നമ്പർ: ____________

പേര്: ____________ വയസ്സ്: ____________

ഇഖാമ നമ്പർ: ____________ സെൻട്രൽ കമ്മിറ്റി: ____________

യൂണിറ്റ് കമ്മിറ്റി: ____________ മൊബൈൽ: ____________

**കെ.എം.സി.സി ദമ്മാം സെൻട്രൽ കമ്മിറ്റി**